<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. ഇ4/2403/2019/മെ.വി.വ.** **തീയതി:09-08-2023**

## <u>പരിപത്രം</u>

മെ.വി.വ - ജീവനക്കാര്യം - ജൂനിയർ ലാബ് അസിസ്റ്റന്റ് - തസ്തിക മാറ്റനിയമനം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: സ.ഉ.(കൈ)നം. 309/2011/ആ.കു.വ തീയതി. 16/05/2011.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ നിലവിലുള്ള ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് പരാമർശത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന യോഗ്യതയുള്ള ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിരീക്ഷണകാലം പൂർത്തീകരിക്കപ്പെട്ട ലാസ്റ്റ് ഗ്രേഡ് സർവീസിലുള്ള ജീവനക്കാരിൽ നിന്നും തസ്തിക മാറ്റ നിയമനത്തിനായി നിർദിഷ്ട മാതൃകയിൽ അപേക്ഷ ക്ഷണിക്കുന്നു.
**യോഗ്യത:** Pass in Pre-Degree/Plus Two course or equivalent examinations with Physics, Chemistry and Biology as optional subjects/VHSE(MLT).

പ്രസ്തുത അപേക്ഷ മതിയായ രേഖകൾ സഹിതം **01/09/2023** തീയതിക്ക് മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ മുഖേന മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം യോഗ്യത, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവീസിൽ പ്രവേശിച്ച തീയതി തെളിയിക്കുന്ന രേഖ, നിരീക്ഷണകാലം പൂർത്തീകരിച്ച ഉത്തരവ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. നിശ്ചിത തീയതിക്കകം ലഭിക്കാത്തതും നിർദിഷ്ട മാതൃകയിലല്ലാത്തതും പൂർണമായി പൂരിപ്പിച്ചിട്ടില്ലാത്തതും മേൽ പരാമർശിച്ചിട്ടുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതും ഉചിതമാർഗേനയല്ലാതെ നേരിട്ട് സമർപ്പിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. തെറ്റായ വിവരങ്ങൾ നല്കാൻ പാടില്ലാത്തതും അത്തരത്തിൽ നിയമനം നേടിയതായി പിന്നീട് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത തസ്തികയിൽ നിന്നും ഒഴിവാക്കുകയും തുടർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

ഈ പരിപത്രം എല്ലാ പ്രിൻസിപ്പൽമാരും അവരുടെ കീഴിലെ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും ബന്ധപ്പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ അതാത് വകുപ്പ് മേധാവികൾ മുഖേന സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി **01/09/2023** തീയതിക്ക് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വൈകി ലഭിക്കുന്നതും നേരിട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നതും ഈ പരിപത്രത്തിന്റെ തീയതിക്ക് മുൻപ് ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ളതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

I/171458/2023

Signed by
Thomas Mathew
Date: 09-08-2023 14:28:44

THOMAS MATHEW
DIRECTOR

പകർപ്പ്: 1. പ്രിൻസിപ്പൽ
ഗവ.മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജ്
തിരുവനന്തപുരം/കൊല്ലം/കോന്നി/ആലപ്പുഴ/കോട്ടയം/ഇടുക്കി
/എറണാകുളം/തൃശ്ശൂർ/മഞ്ചേരി/വയനാട്/കോഴിക്കോട്/കാസർഗോഡ്.

2. ഡയറക്ടർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരം.
3. ഡി.എം.ഇ/ജെ.ഡി.എം.ഇ(എം/ജി)/ജെ.ഡി.എൻ.ഇ/എ.ഒ/എഫ്.ഒ എന്നിവർക്ക് സി.എ മുഖേന.
4. സെക്ഷൻ സൂപ്രണ്ട്(A,B,C,D,E,F,G,H,J,K,P,DPC,NC,Paramedical Block)
5. DME Website/OC/SF/DME Notice Board.

I/171459/2023

G.O(Ms) No. 309/2011/H&FWD dated 16/05/2011 പ്രകാരം തസ്തികമാറ്റം മുഖേന ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായി അപേക്ഷിക്കുന്നതിനുള്ള പ്രോഫോർമ

| | |
|---|---|
| പേര് | |
| തസ്തിക | |
| ജനനതീയതി | |
| സർക്കാർ സർവീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച തീയതി | |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രവേശിച്ച തീയതി, ഉത്തരവ് നമ്പർ | |
| നിയമനം ക്രമപ്പെടുത്തിയ തീയതി, ഉത്തരവ് നമ്പർ | |
| നിരീക്ഷണകാലം പൂർത്തീകരിച്ച തീയതി, ഉത്തരവ് നമ്പർ | |
| അയോഗ്യകാലം(ശൂന്യവേതനാവധി, അനധികൃതമായി ജോലിക്ക ഹാജരാകാതിരിക്കൽ തുടങ്ങിയവ) | |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലാസ്റ്റ് സർവീസിലെ ആകെ യോഗ്യകാലം(പരിപത്രം തീയതി വരെ) | |
| വിദ്യാഭ്യാസ യോഗ്യത | |
| അടിസ്ഥാന ശമ്പളം & ശമ്പള സ്കെയിൽ | |
| അച്ചടക്ക നടപടി എന്തെങ്കിലും നേരിടുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം | |

.........................................................................................(പേര്, തസ്തിക, സ്ഥാപനം) എന്ന ഞാൻ മേൽ പറഞ്ഞ വിവരങ്ങൾ സത്യമാണെന്ന് ബോധിപ്പിക്കുന്നു. മേൽ പറഞ്ഞ വിവരങ്ങൾ തെറ്റാണെന്ന് തെളിയുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതും തുടർ അച്ചടക്ക നടപടികൾക്ക് വിധേയനാക്കാവുന്നതുമാണ്.

തീയതി: ഒപ്പ്:

സ്ഥലം: പേര്:

തസ്തിക:

**സാക്ഷ്യപത്രം**

മേൽ പ്രസ്താവിച്ച വിവരങ്ങൾ സർവീസ് പുസ്തകം പരിശോധിച്ച് ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഓഫീസ് മേലധികാരിയുടെ ഒപ്പ്:

പേര്:

ഔദ്യോഗിക പേര്:

I/171459/2023

ഓഫീസ് സീൽ

09-08-2023

Signed by
Thomas Mathew
Date: 09-08-2023 14:29:56